# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/1725/GP10/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/1725/GP10/2021 തീയ്യതി: 08/02/2022

## തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 76 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2021 | 20-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-10-2021 | 20-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ദിലീപ് കുമാർ കെ., സീ.ഗ്രേ ഓഡിറ്റർ
ശ്രീ.ലിപു.എസ്.ലോറൻസ്, ഓഡിറ്റർ
ശ്രീ.ശരത് ജെ.ശങ്കർ, ഓഡിറ്റർ
ശ്രീമതി.കല.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഉഷാ കുമാരി അമ്മ. ആർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബൽജിത്ത് ജീവൻ.കെ | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.അശോക്.സി | സെക്രട്ടറി | 15-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശരണ്യ എസ്.എസ് | കൃഷി ഓഫീസർ | 01-04-2019 | 17-11-2019 |
| ശ്രീമതി.ലക്ഷ്മി.വി | കൃഷി ഓഫീസർ | 18-11-2019 | 31-03-2020 |
| ശ്രീ.ഷിബു.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആൻസി എ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ശോശാമ്മ പി.ഒ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.രമ എൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ഹേമലത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ലിമ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺ നിസ്സി | വി.ഇ.ഓ -I | 01-04-2019 | 31-03-2020 |
| ശ്രീ.അഭിലാഷ് എം.എ | വി.ഇ.ഓ -II | 01-04-2019 | 31-03-2020 |
| ശ്രീ.ഗോപീകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-12-2019 |
| ശ്രീ.കൃഷ്ണ ദത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 03-12-2019 | 31-03-2020 |
| ശ്രീമതി.പുഷ്കലാമ്മാൾ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദുകുമാരി എൽ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 29-05-2019 |
| ശ്രീമതി.ആശ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-05-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 23-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lipu Lawrence (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: KALA P. (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-7 |
| 8 | പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.<br>Written By: KALA P. (Auditor, On 24-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-7-1 |
| 9 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്യതായി കാണുന്നു.<br>Written By: KALA P. (Auditor, On 24-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-7-2 |
| 10 | ക്യാഷ് പരിശോധന<br>Written By: KALA P. (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 1-9 |
| 12 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 29-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-10 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: KALA P. (Auditor, On 23-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 1-11 |
| 14 | FTEAOS ലൈസൻസ് പ്രകാരം അപേക്ഷകളുടെയും രജിസ്റ്ററുകളുടേയും പരിശോധന സംബ--<br>Written By: KALA P. (Auditor, On 23-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 1-12 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് -അപാകങ്ങൾ<br>Written By: KALA P. (Auditor, On 23-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-12-1 |
| 16 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ലൈസൻസ് സംബന്ധിച്ച്<br>Written By: KALA P. (Auditor, On 23-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-12-2 |

| | | |
|---|---|---|
| 17 | പന്നികൾക്കും പട്ടികൾക്കുമുള്ള ലൈസൻസ് ഫീസ് സംബന്ധിച്ച്<br>Written By: KALA P. (Auditor, On 24-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-12-3 |
| 18 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-13 |
| 19 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-14 |
| 20 | KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-15 |
| 21 | പെറ്റിവർക്കുകൾക്ക്അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം തുക നല്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-16 |
| 22 | കേരളോത്സവം-പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു - 30,566/- രൂപ തടസ്സംചെയ്യുന്നു.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-17 |
| 23 | മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-18 |
| 24 | ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-19 |
| 25 | ജനറൽ കമ്മിറ്റി തീരുമാനം-തുടർ നടപടികളുടെ വിശദാംശം തുടർ നടപടികളുടെ വിശദാംശം ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-20 |
| 26 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-21 |
| 27 | തെറ്റിയാർ ശുചീകരണം -വാഹന വാടക നൽകിയതിൽ സുതാര്യതയില്ല.<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-22 |
| 28 | പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Lathakumari M (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-23 |
| 29 | മുട്ടക്കോഴി വിതരണം - രേഖകൾ ഹാജരാക്കിയില്ല. 3,32,400/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Sarath J Sankar (Auditor, On 31-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-01-2022) | 1-24 |
| 30 | മരാമത്ത് പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസിൽ തീയതിയും അംഗീകരിച്ച കരാർ തുകയും രേഖപ്പെടുത്തുന്നില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-25 |
| 31 | സ്രോതസ്സിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്യുത് സംബന്ധിച്ച അപാകതകൾ<br>Written By: Dileep Kumar K N (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-26 |
| 32 | സ്കൂളുകളുടെയുംഅംഗനവാടികളുടെയു മരാമത്തുപണികൾ-പദ്ധതി രൂപീകരണ വേളയിൽ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-27 |

| | | |
|---|---|---|
| | Written By: Dileep Kumar K N (Senior Grade Auditor, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | |
| 33 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-28 |
| 34 | കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം-അപാകങ്ങൾ.<br>Written By: Dileep Kumar K N (Senior Grade Auditor, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-29 |
| 35 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-30 |
| 36 | ഭിന്നശേഷിക്കാർക്ക് സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷൻ  തെറാപ്പി പദ്ധതി നടപ്പാക്കിയിട്ടില്ല.<br>Written By: Lipu Lawrence (Auditor, On 16-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 1-31 |
| 37 | പാലിയേറ്റീവ് കെയർ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-32 |
| 38 | രേഖകൾ ഹാജരാക്കിയില്ല- 3704156/- രൂപ തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Lipu Lawrence (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-33 |
| 39 | ശുചിത്വ മിഷനിൽ നിന്നു കിട്ടാനുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 1-34 |
| 40 | വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 26-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 31-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sarath J Sankar (Auditor, On 31-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 31-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ ബജറ്റ് 13-02-2019 തീയതിലെ ജനറൽ കമ്മിറ്റിയുടെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് ശുപാർശകൾ ഉൾപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം 28.03.2011 ലെ എസ് ആർ എ നമ്പർ 266/2011 നമ്പർ ഉത്തരവ് പ്രകാരം വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് രൂപീകരണ നടപടിക്രമങ്ങളുടെ വിശദാംശവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല .

1. എ.എഫ്.എസ് പ്രകാരമുള്ള വരവ് ചെലവും പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. മേലിൽ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്ന ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | പഞ്ചായത്തിന്റെ ബജറ്റ് പ്രകാരം | എ എഫ് എസ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4720695 | 6602359 |
| തന്നാണ്ടിലെ വരവ് | 539312732 | 76829305 |
| ആകെ വരവ് | 5440334227 | 83431664 |
| ചെലവ് | 527069220 | 71683984 |
| നീക്കിയിരിപ്പ് | 16964207 | 11747680 |

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നൽകാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 67 ന് മറുപടി ലഭിച്ചില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.06.2020 | - | - |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)2019-20 വർഷത്തെ തൊഴിൽ നികുതി, ലൈസൻസ്, ലേലം എന്നിവയുടെ ഡി.സി.ബി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ ചെലവഴിക്കാതെ 14,78,408/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകകളുടെ നീക്കിയിരിപ്പ് വിവരം ലഭ്യമാക്കിയില്ല.

5)കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും ലൈസൻസിനും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം ഡിമാന്റ് രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2019 |

| | | |
|---|---|---|
| 140110101 | Licence Fee For Dangerous And Offensive Traders | 01.04.2019 |

6)2019-20 വർഷത്തെ ബാലൻസ്ഷീറ്റ് B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. 3 വർഷം കാലാവധി കഴിഞ്ഞ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

7) നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച തുകകളിൽ 2019-20 വർഷം താഴെപ്പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| ഹെഡ് | തുക |
|---|---|
| 460500201 | 1240500 |
| 460500202 | 937808 |

മേൽ തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ 2019-20 വർഷം ലഭിച്ച വിനിയോഗ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8)320100116 ഹെഡിൽ Centrally Sponsored Scheme – Sarva Shiksha Abhiyan (SSA) എന്ന ഇനത്തിൽ 2019-20 വർഷം 4,08,464/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9)450250102 Treasury Own Fund VPFA 1-2 എന്ന അക്കൗണ്ടിന്റെ പാസ് ബുക്ക് /ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

10)460500399 Advance To Other Authorized Agencies എന്ന ഹെഡ് പ്രകാരം 7,61,600/- രൂപ ശുചിത്വ മിഷൻ (ഒ.ഡി.എഫ്) ഫണ്ട് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ പ്രോജക്ടിന്റെ തുടർ നടപടികളുടെ വിവരവും പ്രസ്തുത തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11)ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ലൈബ്രറി സെസ് നാളിതുവരെ ഒടുക്കിയിട്ടില്ല. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ ഒടുക്കേണ്ട തുക 250644.30/- രൂപയാണ്.

12)NREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും എ.എഫ്.എസും പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള ഭരണച്ചെലവ് 387916/- രൂപയും ആകെ വർഷത്തെ ചെലവ് 25145301/- രൂപയുമാണ്. എന്നാൽ എ.എഫ്.എസ് പ്രകാരമുള്ള ആകെ ചെലവ് 26107937/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

13)ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ -1 സമർപ്പിച്ച രജിസ്റ്റർ പ്രകാരം ഹഡ്കോ ലോൺ ഇനത്തിലെ 2019-20 വർഷത്തെ ചെലവ് 420000/- രൂപയും വി.ഇ.ഒ -2 സമർപ്പിച്ച രജിസ്റ്റർ പ്രകാരം 6980000/- രൂപയുമാണ് . എന്നാൽ വാർഷിക ധനകാര്യ പത്രിക Prepaid Expense പ്രകാരമുള്ള ചെലവ് 5720000/- രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14)സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 41/20കണിയാപുരം യു.പി.എസ് മെയിന്റനൻസ് എന്ന പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 598364/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ചെലവ് വിവരം ഉൾപ്പെട്ടിട്ടില്ല (2020-21 വർഷത്തെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). കൂടാതെ പ്രോജക്ടിന്റെ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

15)പ്രോജക്ട് നമ്പർ 86/20 കേദാരം സമഗ്ര നെൽകൃഷി വികസനം, പ്രോജക്ട് നമ്പർ 122/20 ജലശ്രീ കിണർ റീചാർജ്ജ് എന്നിവയുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ്, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എ.എഫ്.എസ് പ്രകാരമുള്ള ബ്ലോ.പ ചെലവ് | സുലേഖ പ്രകാരമുള്ള ബ്ലോ.പ ചെലവ് |
|---|---|---|
| 86/20 | 212500 | 467500 |
| 122/20 | 255000 | 0 |

16)ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം.07/20 അങ്കനവാടി പോഷകാഹാര വിതരണം പദ്ധതിക്ക് കേന്ദ്രാവിഷ്കൃത ഫണ്ട് ഇനത്തിൽ 1156005/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ റിപ്പോർട്ടിൽ 1146540/- രൂപയുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

17)2019-20 വർഷം വിവിധ ബാങ്ക് ബുക്കുകൾ , കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻ(-ve) രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| *ബാങ്ക് ബുക്ക് - 450410103 Central Bank Of India MNREGA* |
|---|

| Head Code | Description | Debit | Credit |
|---|---|---|---|
| 05.10.2019 | Opening Balance | 7185 | |
| 251300801 | Total Poverty Alleviations | | 283783.00 |
| | Closing Balance | (276598.00) | |
| | No Transaction From 06.10.19 To 23.10.19 | | |
| 24.10.2019 | Opening Balance | | (276598.00) |
| 251300801 | Total Poverty Alleviations | | 10000.00 |
| | Closing Balance | (286598) | |

ബാങ്ക് ബുക്ക് - 450410105 SBI Life

| Head Code | Description | Debit | Credit |
|---|---|---|---|
| 02.03.2020 | Opening Balance | 20782 | |
| 21901211 | Secured Loans - KURDFC | | 200000.00 |
| | Closing Balance | (179218.00) | |

കാഷ് ബുക്ക് -450100101

| Head Code | Description | Debit | Credit |
|---|---|---|---|
| 02.05.2019 | Opening Balance | 12861 | |
| | Receipt | 18040 | |
| | Payment | | 641749 |
| | Closing Balance | (610848) | |
| 20.05.2019 | Opening Balance | 24138 | |
| | Receipt | 25481 | |
| | Payment | | 273038 |
| | Closing Balance | (207220.00) | |

18)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ വിതരണം തുകയും സേവന ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| ക്ഷേമപദ്ധതിയുടെ പേര് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്(1-14d) | ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 480000 | 1245200 |
| വിധവാപെൻഷൻ | 5979000 | 14640100 |
| വാർദ്ധക്യകാലപെൻഷൻ | 13005000 | 32286300 |
| വികലാംഗപെൻഷൻ | 1865600 | 4572500 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 81600 | 202900 |

19)ഇ.എം.എസ് ഭവന പദ്ധതി പ്രകാരം, അണ്ടൂർക്കോണം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 667500/- രൂപ ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടുണ്ട്. മുതൽ തുകയിൽ 58500/- രൂപ ഗ്രാമപഞ്ചായത്ത് നേരിട്ടും 661600/- രൂപ വികസനഫണ്ടിൽ നിന്നും ( 2015-16 വർഷം) കുറവ് ചെയ്ത് ഈടാക്കിയിട്ടുണ്ട് (609000/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളപ്പോൾ 661600/- രൂപ ഒടുക്കി). എന്നാൽ കുറവ് ചെയ്ത് ഒടുക്കിയ തുക ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ 132460/- രൂപ ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കിയതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (2015-16 ഓ.റി.ഖ.3-6). അധികമായി നൽകിയ തുകയിൽ 79860/- രൂപ മുതൽ ഇനത്തിൽ

വകയിരുത്തി ബാക്കി 52600/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചെങ്കിലും 2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം (Secured Loans From C-operative Banks) ലോൺ തിരിച്ചടവ് തുകയായി 79860/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ക്രമീകരണം അടിയന്തിരമായി നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

20)കഴക്കൂട്ടം സബ് ട്രഷറിയിലെ എസ്.റ്റി.എസ്.ബി അക്കൗണ്ടിന്റെ (നം.701051400000010) ട്രഷറിയിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് തുക 1705210/- രൂപയാണ്. എന്നാൽ 2019-20 വർഷത്തെ മുന്നിരിപ്പ് (01.04.2019 )ട്രഷറി ബിംസ് സ്റ്റേറ്റ്മെന്റ് പ്രകാരം 3759/- രൂപയും ട്രഷറിയിൽ നിന്നും ലഭിച്ച സ്റ്റേറ്റ് മെന്റ് പ്രകാരം 13641/- രൂപയുമാണ്. കൂടാതെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷത്തെ നീക്കിയിരിപ്പ് തുകയിൽ 1691569/- രൂപയുടെ കറവ് രേഖപ്പെടുത്തിയിട്ടുള്ളത് Directly Debited By Bank എന്നാണ് (Treasury TSB വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. തീയതി.30.04.2019). അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21)2018-19 ബാലൻസ് ഷീറ്റ് B-15, 2019-20 റസീപ്റ്റ് & പേയ്മെന്റ് RP-43,2019-20 ബാലൻസ് ഷീറ്റ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | 2018-19 ബാലൻസ് ഷീറ്റ് B-15 (Current+arrears With LC) | 2019-20 റസീപ്റ്റ് & പേയ്മെന്റ് RP-43 Arreas | 2019-20 ബാലൻസ് ഷീറ്റ് B-15 Arrears With LC |
|---|---|---|---|---|
| 1 | Property Tax On Residential Building | 189245 | 219157 (LC=10958) | 19102 |
| 2 | Property Tax On Non Residential Building | 521825 | 217576 (LC=10879) | 164420 |

22)സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി റിപ്പോർട്ടും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 2404192 (Without LC) | 236794 (Without LC) | 2354528 | 2400630 | 24399 | 60486 |
| Property Tax On Non Residential Building-Current | 2376345 (Without LC) | 2378489 (Without LC) | 2143524 | 2351068 | 244462 | 125423 |
| Property Tax On Residential Building-Arrear | 189245 | 249481 | 219157 | 224319 | 19102 | 26696 |

| | | | | | | |
|---|---|---|---|---|---|---|
| Property Tax On Non Residential Building- Arrear | 521825 | 393246 | 217576 | 227418 | 164420 | 165831 |

23)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 1-18 ഷെഡ്യൂൾ പ്രകാരം 280100104 ഹെഡിൽ Prior Period Income – Property Tax On Non-residential Buildings ഇനത്തിൽ 122810/- രൂപ വസ്തു നികുതി ഡിമാന്റ് ഒഴിവാക്കി നൽകിയിട്ടുണ്ട്. നികുതി ഒഴിവാക്കി നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

24)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| രജിസ്റ്റർ | എ.എഫ്.എസ് | രജിസ്റ്റർ | എ.എഫ്.എസ് | രജിസ്റ്റർ | എ.എഫ്.എസ് |
| 286915 | 286915 | 278865 | 265740+(11700 ഡിപ്പോസിറ്റ്) | 8050 | 8050 |

25)2018-19 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ലൈസൻസ് ഇനത്തിൽ 431300101, 431300102 ഹെഡുകളിൽ തുക ലഭിക്കാനില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20 വർഷം അരിയർ ഇനത്തിൽ 10990/- രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകങ്ങൾ പരിഹരിച്ച് വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6602359 |
| വരവ് | 76829305 |
| ആകെ | 83431664 |
| ചെലവ് | 71683984 |
| നീക്കിയിരിപ്പ് | 11747680 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കൃ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11534321 | 11534321 | 11530949 | 3372 | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12194235 | 12194235 | 5563312 | 6630923 | 1781447 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10964703 | 10964703 | 4132768 | 6831935 | 4732312 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 4920000 | 4920000 | 2674151 | 2245849 | 980338 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 4526000 | 4526000 | 2939708 | 1586292 | 1586292 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 676451 | 1200000 | 1876451 | 1227383 | 649068 | - |
| എസ്.എസ്.എ | 417367 | 0 | 417367 | 408464 | 8903 | - |
| ഐ.സി.ഡി.എസ് | 1261961 | 1088252 | 2350213 | 1156005 | 1194208 | - |
| എൻ.ആർ.ഇ .ജി.എസ് | 1679328 | 1088252 | 25730847 | 1564469 | 1203111 | - |
| ക്ലീൻ കേരള | 0 | 9000 | 9000 | 0 | 9000 | - |
| കേരളോത്സവ ം ഗ്രാന്റ് | 0 | 20000 | 20000 | 20000 | 0 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 60032 | 10520000 | 10580032 | 10000000 | 580032 | - |

ഗ്രാമപഞ്ചായത്തിന് തൻവർഷം വകയിരുത്തിയ വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്(ലാപ്സായ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ്). എസ്.സി.പി, CFC Fund, മെയിന്റനൻസ് (റോഡ്) എന്നിവയിൽ വൻ തുക ലാപ്സായത് ഗൗരവകരമായി വിശകലനം ചെയ്യേണ്ടതുണ്ട്. പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ ഗ്രാന്റുകൾ ചെലവഴിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 11534321 | 14338628 | -2804307 |
| | Grant Statement | 11534321 | 11530949 | 3372 |
| Development Fund (SCP) | ACR | 12194235 | 5563312 | 6630923 |
| | Grant Statement | 12194235 | 5975077 | 6219158 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 168 | 122718713 | 106 | 36900882 | 20 | 42 | 30% |

പദ്ധതി അടങ്കലിന്റെ 30% തുക മാത്രമാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018 ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നിർവഹിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലും നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ് .

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8826 | 964636 | 973462 | 387916 | 585546 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24757385 | 24757385 | 24757385 | 0 |
| ആകെ | 8826 | 25722021 | 25730847 | *25145301 | 585546 |

* കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 26107937/- രൂപ. ഇ.എഫ്.എം.എസ് ഉകയ്ക്ക് ജേർണൽ എൻട്രി നൽകിയപ്പോൾ ഭരണച്ചെലവ് കൂടി ഉൾപ്പെട്ടതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. (എൻക്വയറി നം.63). 2019 20 വർഷത്തെ എം ജി എൻ ആർ ഇ ജി എസ് നിർവ്വഹണത്തിൽ ചുവടെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. വിജിലൻസ് ആന്റ് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കൃത്യമായി നടത്താതെയാണ് സൈറ്റ് ഡയറി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. മോണിറ്ററിംഗ് നടത്താത്തതിനാൽ പദ്ധതികളുടെ ശരിയായ നിർവ്വഹണം ഉറപ്പാക്കപ്പെടുന്നില്ല.

2. ഫയലുകളിൽ എഞ്ചിനീയറുടെ പൂർത്തിയാക്കൽ പത്രം (കംപ്ളീഷൻ സർട്ടിഫിക്കറ്റ്) സൂക്ഷിക്കുന്നില്ല.

3. സൈറ്റ് ഡയറിയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. ഇതുകാരണം ആവശ്യമായ ചർച്ചകളോ മോണിറ്ററിംഗോ നടന്നുവെന്ന് ഉറപ്പിക്കാനാകുന്നില്ല.

4. തൊഴിൽകാർഡ് രജിസ്റ്ററിൽ എല്ലാ ഗുണഭോക്താക്കളുടെയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല. ഇത് കാരണം ശരിയായ ഗുണഭോക്താക്കൾക്കാണ് പണം കൈമാറുന്നതെന്ന് ഉറപ്പാക്കാനാകുന്നില്ല.

5. വിവിധ ഫയലുകളിൽ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

6. ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം 295 ആണെങ്കിലും 132 പദ്ധതികൾക്ക് മാത്രമേ സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളൂ.

7. 30 പേർക്ക് മാത്രമേ 100 തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുള്ളൂ.

വരും വർഷങ്ങളിൽ അപാകങ്ങൾ പരിഹരിക്കാമെന്ന് 22.10.2021 നുള്ള ഓഡിറ്റ് എൻക്വയറി നം - 74 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എഞ്ചിനീയറുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 339000 | 214 |
| കർഷകതൊഴിലാളി പെൻഷൻ | 480000 | 82 |
| വിധവാപെൻഷൻ | 5979000 | 1051 |
| വാർദ്ധക്യകാലപെൻഷൻ | 13005000 | 2248 |
| വികലാംഗപെൻഷൻ | 1865600 | 308 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 81600 | 15 |

## 1-7-1 പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ, പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തിയുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തിയ്ക്ക് എന്ന് മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐ ഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ

നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 57 ന് ലഭ്യമായ മറുപടി തൃപ്തികരമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. പെൻഷൻ രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

| ക്രമ നം | പേര് | ഫയൽ നം / തീയതി | പെൻഷൻ |
|---|---|---|---|
| 1 | നസീമ ബീവി | 3162/19, 3/5/2019 | വാർദ്ധക്യകാലപെൻഷൻ |
| 2 | അബ്ദുൾസമദ് | 3003/19, 25/4/2019 | വാർദ്ധക്യകാലപെൻഷൻ |
| 3 | മോഹിനി | 3247/19 7/5/2019 | വാർദ്ധക്യകാലപെൻഷൻ |
| 4 | പ്രഭാകരൻ | 2924/19 16/04/2019 | വാർദ്ധക്യകാലപെൻഷൻ |
| 5 | മുഹമ്മദ് ഷെറീഫ് ഇ | 3422/19 16/05/2019 | വാർദ്ധക്യകാലപെൻഷൻ |
| 6 | അഷറഫ് എ | 7235/19 26/10/2019 | വാർദ്ധക്യകാലപെൻഷൻ |
| 7 | ലീലാമ്മ കെ | 9182/19 13/12/2019 | വാർദ്ധക്യകാലപെൻഷൻ |
| 8 | തങ്ക | 9754/19 30/12/2019 | വാർദ്ധക്യകാലപെൻഷൻ |
| 9 | നബൂസാ | 9768/19 31/12/19 | വാർദ്ധക്യകാലപെൻഷൻ |
| 10 | ഗംഗാധരൻ ആശാരി | 02/20 1/1/20 | വാർദ്ധക്യകാലപെൻഷൻ |
| 11 | സതികുമാരൻ നായർ | 2461/20 19/3/2020 | വാർദ്ധക്യകാലപെൻഷൻ |
| 12 | നസൂമുദ്ദീൻ | 1752/20 27/2/2020 | വാർദ്ധക്യകാലപെൻഷൻ |
| 13 | നസൂമാബീവി കെ | 7719/19 11/11/19 | വിധവാപെൻഷൻ |
| 14 | സൗദാബീവി | 8115/19 20/12/2019 | വിധവാപെൻഷൻ |

| | | | |
|---|---|---|---|
| 15 | നസീറാബീവി | 8290/19<br>23/11/2019 | വിധവാപെൻഷൻ |
| 16 | ലൈലാബീവി | 9012/19<br>10/12/19 | വിധവാപെൻഷൻ |
| 17 | കുമാരി എം | 9337/19<br>18/12/2019 | വിധവാപെൻഷൻ |
| 18 | സഫീയാബീവി | 9046/19<br>11/12/2019 | വിധവാപെൻഷൻ |
| 19 | അസീന എ | 8620/19<br>31/11/19 | വിധവാപെൻഷൻ |

പെൻഷൻ രജിസ്റ്റർ കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-7-2 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ ആണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ് വെയറും ഒത്തുനോക്കിയപ്പോൾ, ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ, മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 567177512856 | ലൈലാബീവി എസ്. | വാർദ്ധക്യകാല പെൻഷൻ | 01/04/2019 | 3 മാസം<br>05/2019 മുതൽ 07/2019 വരെ | 3600 |
| 2 | 260191313212 | റഹ്മാബീവി | വാർദ്ധക്യകാല പെൻഷൻ | 31/12/2019 | 4 മാസം<br>01/20 മുതൽ 04/20 വരെ | 6000 |
| 3 | 952914810925 | മാധവൻ നായർ പി | വാർദ്ധക്യകാല പെൻഷൻ | 11/01/2020 | 8 മാസം<br>02/20 മുതൽ 09/20 വരെ | 11500 |
| 4 | 494774236670 | അബ്ദുൾ റഷീദ് | വാർദ്ധക്യകാല പെൻഷൻ | 17/01/2020 | 10 മാസം<br>02/20 മുതൽ 11/20 | 13100 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വരെ | |
| 5 | 519562122454 | ലൈലാബീവി | വാർദ്ധക്യകാല പെൻഷൻ | 03/02/2020 | 9 മാസം 03/20 മുതൽ 11/20 വരെ | 11900 |
| 6 | 455002123271 | ആബിദാബീവി | വിധവാ പെൻഷൻ | 01/03/2020 | 1 മാസം 04/20 | 1300 |
| 7 | 902926351952 | ജെ സുമതിയമ്മ | വിധവാ പെൻഷൻ | 19/03/2020 | 18 മാസം 04/20 മുതൽ 09/2021 വരെ | 26200 |
| 8 | 947705591111 | മുഹമ്മദ് ഹനീഫ എം | വാർദ്ധക്യകാല പെൻഷൻ | 16/03/2020 | 8 മാസം 04/20 മുതൽ 11/20 വരെ | 10700 |
| | | | | | ആകെ | 84300 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 58-ന നൽകിയ മറുപടിയിൽ ലിസ്റ്റിൽ ക്രമ നം1, 7 ആയി പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ മറ്റു പഞ്ചായത്തുകളിൽ ആണ് പെൻഷൻ കൈപ്പറ്റിയത് എന്നും, ബാക്കി അധിക തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്ന് ആയത് തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും, അറിയിച്ചിട്ടുണ്ട്. മറ്റു പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ മരണം ഇവിടെ രജിസ്റ്റർ ചെയ്താൽ മരണപ്പെട്ട വിവരം സെക്രട്ടറി ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2021, 3.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9306/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

1. പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.
2. പെറ്റി വർക്കുകൾക്ക് അസി.എഞ്ചിനീയറുടെ വാലുവേഷൻ റിപ്പോർട്ട് പ്രകാരമല്ലാതെ തുക നല്കിയിരിക്കുന്നു.
3. രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ് - ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.
4. കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഉദാസീനത. ജനറൽ കമ്മിറ്റി തീരുമാനം-തുടർ നടപടികളുടെ വിശദാംശംലഭ്യമല്ല.
5. കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയത്തിലെ പിഴവ് തനതുവരുമാനത്തിന്റെ ശോഷണത്തിന് കാരണമാകുന്നു. ഉദാ:- വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തിയിരിക്കുന്നു.
6. പെൻഷൻ വിതരണത്തിൽ കൃത്യത ഉറപ്പാക്കേണ്ടതുണ്ട്. രജിസ്റ്റർ കാലികമാക്കുകയും മരണപ്പെട്ടവരുടെ പെൻഷൻ

മരണത്തിന് ശേഷം കൊടുക്കുന്നണ്ടോ എന്നതും പരിശോധിക്കണം.

## 1-10 വസ്തു നികുതി - അപാകങ്ങൾ

1)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/-രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി 50/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/731 | ഹാജിറാബീവി, മരങ്ങവിളവീട്, പള്ളിപ്പുറം | ഷോപ്പ് | 168 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 50 | 60 |
| അടിസ്ഥാന വസ്തു നികുതി രൂപ | 8400 | 10080 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകള് | | |
| (എ .)മേഖല (തുക) | 840 | 1008 |
| (ബി. )വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. )മേൽക്കൂര (തുക) | 840 | 1008 |
| (ഡി. )കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| (ഇ. )ആകെ ഇളവ്(%) | 20 | 20 |
| (എഫ്. )ആകെ ഇളവ്(തുക) | 1680 | 2016 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | ഇല്ല | ഇല്ല |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 6720.00 | 8064 |
| ലൈബ്രറി സെസ്സ് (തുക) | 336.00 | 404 |
| സർവ്വീസ് ചാർജ്ജ് (തുക) | 0.00 | 0.00 |
| സർചാർജ്ജ് 1 (തുക) | 0.00 | 0.00 |
| സർചാർജ്ജ് 2 (തുക) | 0.00 | 0.00 |

| | | |
|---|---|---|
| ആകെ (തുക) | 7056.00 | 8468.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 02/07.10.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ 6,8 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/234 | അബ്ദുൾ അസീസ് | പാർപ്പിടം | 70 $M^2$ |
| 2 | 8/226 | പുരുഷോത്തമൻ | പാർപ്പിടം | 65 $M^2$ |
| 3 | 8/323 | സുബൈദ ബീവി | പാർപ്പിടം | 87 $M^2$ |
| 4 | 8/336 | ബാഹുലേയൻ നായർ | പാർപ്പിടം | 80 $M^2$ |
| 5 | 8/448 | അംബിക | പാർപ്പിടം | 93.66 $M^2$ |
| 6 | 8/15 | മുരാരി | പാർപ്പിടം | 62 $M^2$ |
| 7 | 6/189 | ശാരദഅമ്മ | പാർപ്പിടം | 70 $M^2$ |
| 8 | 6/202 | സുൾഫിക്കർ | പാർപ്പിടം | 68 $M^2$ |
| 9 | 6/252 | ലൈല ബീവി | പാർപ്പിടം | 74 $M^2$ |
| 10 | 6/332 | സരോജിനി അമ്മ | പാർപ്പിടം | 93 $M^2$ |

B)ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 4, 6, 16 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 16/107 | ഷാഹുൽ ഹമീദ് | പാർപ്പിടം | 69 $M^2$ | 1308/- |
| 2 | 6/189 | ശാരദഅമ്മ | പാർപ്പിടം | 70 $M^2$ | 920/- |

| | | | | | |
|---|---|---|---|---|---|
| 3 | 6/77 | രജിത | പാർപ്പിടം | 42 $M^2$ | 555/- |
| 4 | 4/436 | ശാലിനീദേവി | പാർപ്പിടം | 83 $M^2$ | 1965/- |

C) ഡിമാന്റില്ലാതെ ആരാധനാലയങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (സെ.207(1(എ)) പ്രകാരം പൊതു ആരാധനാലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ആരാധനാലയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യാതെ താഴെപ്പറയുന്ന കെട്ടിടത്തിൽ നിന്നും വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 18/36 | സെക്രട്ടറി/പ്രസിഡന്റ്, മുസ്ലീം ജമാ അത്ത് | ആരാധനാലയങ്ങൾ | 22 ച.മീ | 4160/- |
| 2 | 18/37 | സെക്രട്ടറി/പ്രസിഡന്റ് ,മുസ്ലീം ജമാ അത്ത് | ആരാധനാലയങ്ങൾ | 22 ച.മീ | 4160/- |

D)നികുതി ഉപ നികുതി ഒഴിവാക്കിയ കെട്ടിടത്തിൽ നിന്നും വസ്തു നികുതി പിരിവ്

2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്)ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 18/560 | ജനറൽ സെക്രട്ടറി, ദാവത്തുൾ ചാരിറ്റബിൾ | 148.49 $M^2$ | 3430/- |
| 2 | 14/86 | സെക്രട്ടറി കയർ വ്യവസായ സംഘം | 120 $M^2$ | 1155/- |
| 3 | 14/14 | സെക്രട്ടറി അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 21 $M^2$ | 820/- |

E)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 10, 18 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 20 | 20 | 1 | 90 | 90 | 1 |
| 81 | 81 | 1 | 189 | 189 | 1 |
| 114 | 115 | 2 | 219 | 219 | 1 |
| 123 | 123 | 1 | 280 | 280 | 1 |
| 136 | 136 | 1 | 306 | 306 | 1 |
| 205 | 205 | 1 | 309 | 309 | 1 |
| 215 | 215 | 1 | 358 | 358 | 1 |
| 236 | 236 | 1 | 379 | 379 | 1 |

| | | | | | |
|---|---|---|---|---|---|
| 262 | 262 | 1 | 405 | 405 | 1 |
| 290 | 290 | 1 | 455 | 455 | 1 |
| 328 | 328 | 1 | 505 | 506 | 2 |
| 330 | 330 | 1 | 602 | 602 | 1 |
| 337 | 337 | 1 | 619 | 619 | 1 |
| 361 | 361 | 1 | 676 | 676 | 1 |
| 378 | 378 | 1 | 737 | 737 | 1 |
| 385 | 385 | 1 | 742 | 742 | 1 |
| 414 | 414 | 1 | 744 | 748 | 5 |
| 436 | 436 | 1 | 750 | 753 | 4 |
| 461 | 461 | 1 | 757 | 757 | 1 |
| 498 | 498 | 1 | 760 | 760 | 1 |
| 507 | 507 | 1 | 763 | 763 | 1 |
| 509 | 509 | 1 | 772 | 772 | 1 |
| 512 | 513 | 2 | 781 | 781 | 1 |
| 518 | 518 | 1 | 787 | 787 | 1 |
| 535 | 535 | 1 | 801 | 801 | 1 |
| 571 | 577 | 7 | 830 | 830 | 1 |
| Total | | 34 | 901 | 901 | 1 |
| | | | Total | | 35 |

F)ഇളവ് വിശദാംശം സഞ്ചയ സോഫ്റ്റ്‌വെയറിൽ ശരിയായി രേഖപ്പെടുത്തുന്നില്ല .

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവിന്റെ വിശദാംശം സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായും രേഖപ്പെടുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | സഞ്ചയയിൽ രേഖപ്പെടുത്തിയ നികുതി ഇളവ് |
|---|---|---|---|
| 1 | 15/398 | കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസ് | അറുപത് ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹം സർക്കാർ ഉത്തരവ് (എം എസ്) നം 358/15 |
| 2 | 4/574 | കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസ് | അറുപത് ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹം സർക്കാർ ഉത്തരവ് (എം എസ്) നം 358/15 |
| 3 | 12/737 | കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസ് | അറുപത് ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹം സർക്കാർ ഉത്തരവ് (എം എസ്) നം 358/15 |
| 4 | 17/33 | വിദ്യാഭ്യാസാവശ്യം | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 5 | 6/70 | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപ്പെട്ട കെട്ടിടങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 6 | 6/72 | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപ്പെട്ട കെട്ടിടങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |

| | | | |
|---|---|---|---|
| 7 | 6/373 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ)) ) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10,11,12,13,16,17,23/11.10.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമ യ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1/154 | ശാന്ത | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10 $M^2$ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/11.10.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് വിശദമായ റിപ്പോർട്ട സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഇളവ് നൽകുന്നു. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/11.10.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

5)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ച

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഇളവ് കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|

| | | |
|---|---|---|
| 1 | 10/594 A | അമ്പിളി വിജയ ചന്ദ്രൻ, കീട്ടാര വിളാകം |
| | 10/804 | |
| 2 | 5/774 | സുനിത, കോണത്തു വീട്, അണ്ടൂർക്കോണം |
| | 5/768 | |
| 3 | 7/92 A | ഷാഹുബനത്ത്, ഫിഡ ഫാത്തിമ മൻസിൽ |
| | 7/530 | |
| 4 | 16/509 | സന്ധ്യ.വി, എ. എസ്. ഭവൻ, കുമിളിയിൽ വീട്, |
| | 16/587 | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല .

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണം |
|---|---|---|---|
| 1 | 18/388 A | സുനിത | 46.21 $M^2$ |
| 2 | 8/662 A | സുജ | 60.45 $M^2$ |
| 3 | 16/6 | അബ്ദുൾ മനാഫ് | 24.57 $M^2$ |
| 4 | 16/495 A | അൻസാർ | 23.48 $M^2$ |
| 5 | 6/114 | വിജയകുമാർ | 51 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/11.10.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഫയൽ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| B4/7263/ 19/26.10.2019 | 9/637 | സർക്കിൾ മാനേജർ, ടവർവിഷൻ ഇൻഡ്യാ (പ്രൈ.)ലിമിറ്റഡ് | മൊബൈൽ ടെലഫോൺ ടവർ | 9.25 $M^2$ | 2014 രണ്ടാം അർദ്ധവർഷം മുതൽ | 19673/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/13.09.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ നികുതി ഈടാക്കാൻ കഴിയാത്തതിനാലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. 1998-ലെ കേരള പഞ്ചായത്ത്രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആയിരം രൂപയിൽ കവിയാത്ത തുക മാത്രമേ ഗ്രാമപഞ്ചായത്തിന് നേരിട്ട് എഴുതിത്തള്ളാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങണം. മേൽ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

7)കെട്ടിടത്തിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേതഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള

കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുകലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിലെ 3,6,13,15 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 3/914 | അബ്ദുൾ റഷീദ് | പാർപ്പിടം | 56.35 $M^2$ | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 22 വർഷം |
| 2 | 6/426 | രമാദേവി | പാർപ്പിടം | 86.05 $M^2$ | 2014 ഒന്നാം അർദ്ധ വർഷം മുതൽ | 40 വർഷം |
| 3 | 15/465 | അബ്ദുൾ മജീദ് | വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 109 $M^2$ | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 4 | 13/484 | രാജൻ | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 11.78 $M^2$ | 2014 ഒന്നാം അർദ്ധ വർഷം മുതൽ | 12 വർഷം |
| 5 | 13/485 | രാജൻ | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 17.67 $M^2$ | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 6 | 13/486 | രാജൻ | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 17.67 $M^2$ | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 7 | 13/527 | വിജയകുമാർ.എം | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 12.56 $M^2$ | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 30 വർഷം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/11.10.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8)സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു .

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

9)സഞ്ചയയിൽ നിന്നും തെറ്റായ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നു .

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ്‌മെന്റ് റിപ്പോർട്ടിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള

കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങളിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടും (ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | അസസ്മെന്റ് റിപ്പോർട്ട് പ്രകാരം കെട്ടിട വിസ്തീർണം | കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15) പ്രകാരമുള്ള വിസ്തീർണവും |
|---|---|---|---|
| 1 | 4/558 | 55 $M^2$ | 165 $M^2$ |
| 2 | 9/550 | 54 $M^2$ | 162 $M^2$ |
| 3 | 1/232 | 52.32 $M^2$ | 156.96 $M^2$ |
| 4 | 1/272 | 43.75 $M^2$ | 87.5 $M^2$ |
| 5 | 10/749 | 42.56 $M^2$ | 127.68 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/11.10.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം-മായി ബന്ധപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എം സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

10)മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

B)ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 3/960 | നജ്മുദീൻ | കാരമൂട് തിരുവെള്ളൂർ എം.എൽ.എ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 3/961 | റജിലാബീവി. | കാരമൂട് തിരുവെള്ളൂർ എം.എൽ.എ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | 7/492 C | സുബിൻ രാജ് | പള്ളിയാർപറമ്പ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 7/492 D | ബിബിൻ രാജ് | പള്ളിയാർപറമ്പ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രീതീയം |
| 3 | 8/660 | ഷിഹാബുദീൻ | പള്ളിപ്പുറം പാച്ചിറ വാവറഅമ്പലം റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 8/661 | ദുൽക്കർ | പള്ളിപ്പുറം പാച്ചിറ വാവറഅമ്പലം റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/11.10.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

11) ടെലഫോൺ ടവറിന്റെ നികുതി കടിശ്ശിക ഈടാക്കേണ്ടതാണ്.

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ 2013-14 വർഷം മുതലുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| കെട്ടിടനം | കെട്ടിടത്തിന്റെ വിശദാംശം |
|---|---|
| 10/733 | ബി.എസ്.എൻ.എൽ സബ്ഡിവിഷനൽ എഞ്ചിനിയർ,ബി.എസ്.എൻ.എൽ മൊബൈൽ സർവീസ് ലിമിറ്റഡ്, തിരുവനന്തപുരം, കണിയാപുരം |

| Sl. No | Year | Period | Property Tax | Library Cess | Total |
|---|---|---|---|---|---|
| 1 | 2013 | First Half | 4500 | 225 | 4725 |
| 2 | 2013 | Second Half | 4500 | 225 | 4725 |
| 3 | 2014 | First Half | 4500 | 225 | 4725 |
| 4 | 2014 | Second Half | 4500 | 225 | 4725 |
| 5 | 2015 | First Half | 4500 | 225 | 4725 |
| 6 | 2015 | Second Half | 4500 | 225 | 4725 |
| 7 | 2016 | First Half | 4500 | 225 | 4725 |
| 8 | 2016 | Second Half | 4500 | 225 | 4725 |
| 9 | 2017 | First Half | 4500 | 225 | 4725 |
| 10 | 2017 | Second Half | 4500 | 225 | 4725 |
| 11 | 2018 | First Half | 4500 | 225 | 4725 |
| 12 | 2018 | Second Half | 4500 | 225 | 4725 |
| 13 | 2019 | First Half | 4500 | 225 | 4725 |
| 14 | 2019 | Second Half | 4500 | 225 | 4725 |
| | | | | Total | 66150 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/11.10.2021 ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019-20 2020-2021സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. താഴെ പറയുന്ന രസീത്ബുക്കിന്റെ കളക്ഷൻ രജിസ്റ്ററും ടി രസീതുകൾ ഉപയോഗിച്ച് കളക്ഷൻ നടത്തിയ തുക ഫ്രണ്ട് ഓഫീസിൽ അടച്ചതിന്റെ രസീതും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 56(II) 3 ന് നൽകിയ മറുപടിയോടൊപ്പവും ടി രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത രസീത് ബുക്ക് ഉപയോഗിച്ച് നടത്തിയ കളക്ഷൻ ഫ്രണ്ട് ഓഫീസിൽ അടച്ച രസീത് ഹാജരാക്കേണ്ടതാണ്.

| രസീത് ബുക്ക് നം | ഉപയോഗിച്ച വ്യക്തി |
|---|---|
| 13618 | ഷാജി |

II. താഴെ പറയുന്ന രസീത് ഉപയോഗിച്ച് കളക്ഷൻ നടത്തിയ തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല, ഫ്രണ്ട് ഓഫീസിൽ അടച്ചതിന്റെ രസീതും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 56(III) 2,3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഫ്രണ്ട് ഓഫീസിൽ അടച്ചതിന്റെ Day Book പകർപ്പും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഉപയോഗിച്ചആൾ | രസീത് ബുക്ക്നം | രസീത് നം | തുക(രൂ) | തീയതി |
|---|---|---|---|---|---|
| 2 | ഷാജി | 46453 | 4 To 9 | 5000 | 19-12-2019 |
| 3 | ഷാജി | 46464 | 21 To 22 | 2844 | 18-02-2020 |
| | | | 23 To 35 | 4593 | 22-02-2020 |
| | | | 36 To 47 | 4209 | 24-02-2020 |
| | | | 48 To 52 | 848 | 02-03-2020 |
| | | | 53 To 56 | 2188 | 04-03-2020 |
| | | | 57 | 688 | 06-03-2020 |
| | | | 58 To 59 | 847 | 05-03-2020 |

| | | | |
|---|---|---|---|
| | 60 To 61 | 771 | 07-03-2020 |
| | 62 To 64 | 1343 | 06-03-2020 |
| | 65 | 363 | 05-03-2020 |
| | 66 To 70 | 1896 | 06-03-2020 |
| | 71 To73 | 1307 | 07-03-2020 |
| | 74 To 83 | 3343 | 19-03-2020 |
| | 84 To 92 | 1123 | 20-03-2020 |
| | 93 To 100 | 3005 | 23-03-2020 |
| | ആകെ | 34368 | |

മേൽ പറഞ്ഞ തുകകൾ അടച്ച രസീത് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പണം കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അതീവ ഗുരുതരമായി കാണേണ്ട വിഷയം ആണ്.

III. കളക്ഷൻ തുക പൂർണ്ണമായും അടച്ചിട്ടില്ല.

| ക്രമ നം | ഉപയോഗിച്ചആൾ | ബുക്ക്നം | രസീത് നം | തീയതി | രസീത് പ്രകാരമുള്ള തുക | കളക്ഷൻരജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|---|---|---|
| 1 | ഷാജി | 46464 | 13 | 14-02-2020 | 78 | 71 |
| | | 46464 | 14 | 14-02-2020 | 28 | 21 |
| | | 46464 | 15 | 14-02-2020 | 18 | 11 |
| | | 46464 | 17 | 14-02-2020 | 42 | 35 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 56 IV(1) ന് ലഭ്യമായ മറുപടിയിൽ ഏതോ സാങ്കേതിക തകരാറാണ് കാരണമാണ് തുക അടയ്ക്കാത്തത് എന്ന പറഞ്ഞിരിക്കുന്നു. ടി മറുപടി തൃപ്തികരമായ മറുപടി അല്ലാത്തതിനാൽ അടയ്ക്കാനുള്ള 28/-രൂപ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

IV സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന രസീതു ബുക്കുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ ഉപയോഗിക്കാത്ത രസീതുകൾ ചട്ടപ്രകാരം ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.

| ക്രമ നം | രസീത്ബുക്ക് നം |
|---|---|
| 1 | 46451 |
| 2 | 46464 |
| 3 | 46465 |
| 4 | 13615 |

ഇത സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി 56(VI) നൽകിയതിന് ശേഷം പ്രസ്തുത രസീത് ബുക്കുകൾ സർട്ടിഫൈ ചെയ്ത് ഹാജരാക്കുകയാണ് ഉണ്ടായത്. രസീത്ബുക്കുകൾ ഇഷ്യൂ ചെയ്യുന്ന സമയത്ത് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

V പണമടച്ച ആൾക്ക് രസീതു നൽകാതെ കളക്ഷൻ നടത്തിയിരിക്കുന്നു.

താഴെ പറയുന്ന തുകകൾ, പണമടച്ച ആൾക്ക് രസീതിൽ രേഖപ്പെടുത്തൽ ഒന്നും വരുത്താതെയും ടിയാന് നൽകാതെയും, രസീത് കളക്ഷൻ നടത്തിയിരിക്കുന്നു. ടി തുകകൾ കളക്ഷൻ രജിസ്റ്ററിൽ പ്രസ്തുത രസീത് നമ്പർ പ്രകാരം രേഖപ്പെടുത്തി ഫ്രണ്ട് ഓഫീസിൽ അടച്ചിട്ടുള്ളതായി കാണുന്നു. രസീതു എഴുതാതെ ശൂന്യമായി വച്ചിരിക്കുന്നതിനാൽ ടി

വ്യക്തിയിൽ നിന്ന് യഥാർത്ഥത്തിൽ എത്ര തുക പിരിച്ചെന്ന് അറിയാൻ സാധിക്കുന്നില്ല. ആയത് ഗുരുതരമായ വീഴ്ചയാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എന്ക്വയറി 56 (VI) -ന് മറുപടിലഭ്യമായെങ്കിലും,ടി അപാകത്തിന് ഫലപ്രദമായ വിശദീകരണം നല്കാത്തതിനാൽ, ആയത് തൃപ്തികരമല്ല.

| ക്രമനം | ഉപയോഗിച്ച ആൾ | രസീത് ബുക്ക് നം | രസീത് നം | തീയതി | കളക്ഷൻ രജിസ്റ്ററിലെ തുക |
|---|---|---|---|---|---|
| 1 | ഷാജി | 46464 | 16 | 14/02/2020 | 32 |
| 2 | ഷാജി | 46464 | 18 | 14/02/2020 | 149 |

## 1-12 FTEAOS ലൈസൻസ് പ്രകാരം അപേക്ഷകളുടെയും രജിസ്റ്ററുകളുടേയും പരിശോധന സംബ--

2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രേഖപ്പെടുത്തി ബന്ധപെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി വർഷത്തിൽ ലൈസൻസ് ഫീസിനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ട്, എത്ര അപേക്ഷകൾ ലഭിച്ച എന്ന വിവരം വ്യക്തമല്ല.

1. ലൈസൻസിനുള്ള അപേക്ഷകളോടൊപ്പമുള്ള വാടക കരാറിലെ വാർഡും കെട്ടിടനമ്പരും അപേക്ഷയിലെ വാർഡും കെട്ടിടനമ്പരും തമ്മിൽ പൊരുത്തമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേര് | വാടകകരാർ പ്രകാരമുള്ള നം | അപേക്ഷ പ്രകാരമുള്ള നം | വില്ലേജ് |
|---|---|---|---|---|
| 1 | മുഹമ്മദ് സുധീർ . | APXI/1129, 1130,1131, 1132 | APXI/496,497,498,499 | പള്ളിപ്പുറം |
| 2 | നൗഷാദ് | രേഖപ്പെടുത്തിയിട്ടില്ല. | AP X-445 | പള്ളിപ്പുറം |
| 3 | റ്റി ജെ മാത്യൂ | APIX/938 | AP/X/631C | പള്ളിപ്പുറം |
| 4 | സാബു ജോണി | TC55/1425/2 | APXI/555 | പള്ളിപ്പുറം |

AFS പ്രകാരം തൻവർഷം ലൈസൻസിനത്തിൽ 3,31,005/- രൂപ വരവുണ്ട്.

2. ലൈസൻസിനുള്ള അപേക്ഷകളിൽ സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | മധു എൻ എസ് | APXII/24 | പലചരക്ക്, സ്റ്റേഷനറി |
| 2 | അനിൽകുമാർ ആർ | AP/III/489 | ബാർബർ ഷോപ്പ് |
| 3 | അയിഷ എസ് | AP-12/837 | മെഡികെയർ ലാബോറട്ടറി |

| | | | |
|---|---|---|---|
| 4 | അബ്ദുൾ ഷൂക്കൂർ എം | APX/402 | പ്രൊവിഷൻ സ്റ്റോർ |

3. ലൈസൻസിനുള്ള അപേക്ഷകളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി കണക്കാക്കി ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കടയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം | കുതിരശക്തി |
|---|---|---|---|---|
| 1 | സബീന എൻ എം | APIII/945 | ഫ്ളവർമിൽ | 15 HP |
| 2 | സാബു ജോണി | AP/XI/555 | സർവീസ് സെന്റർ | 3HP |
| 3 | എം എ താജുദ്ദീൻ | APXIV/337 | ഫ്ളവർമിൽ | 15HP |
| 4 | ഇ അബ്ദുൾ വാഹിദ് | VII/333 | ഫ്ളവർമിൽ | 15HP |

FTEAOS- മുഴവൻ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ എല്ലാസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴവൻ വ്യാപാരസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഈ നടപടിക്രമം പാലിച്ചിട്ടില്ല.

## 1-12-1 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് -അപാകങ്ങൾ

പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസിനത്തിൽ എത്ര തുക ഈടാക്കി എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് | ഫയൽ നം |
|---|---|---|---|
| 1 | സ്മൈൽ ടെക്ക് | ഡോ. വൈശാഖൻ ബി | A4/3/19-20 |
| 2 | ഡെന്റ്ഇൻഡെന്റൽ ക്ളിനിക്ക് | ഡോ. ഷിറാസ് എസ് എസ് | A4/4/19-20 |
| 3 | ദി ഹീലിംഗ് ടച്ച് | ബീന | A4/5/19-20 |

പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസിനത്തിൽ ലഭിച്ചത് എ എഫ് എസ് പ്രകാരം 1550/- രൂപയാണ്. എന്നാൽ രജിസ്റ്റർ ആയത് പ്രകാരം 650/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 68 ന് മറുപടി ലഭ്യമല്ല. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ലൈസൻസ് സംബന്ധിച്ച്

ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസിനത്തിൽ എ എഫ് എസ് പ്രകാരം 700/- രൂപയാണ് ലഭിച്ചത്. എന്നാൽ രജിസ്റ്റർ പ്രകാരം എത്ര തുക ഈടാക്കിയെന്ന് വ്യക്തമല്ല. രജിസ്റ്റർ കാലികമല്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-12-3 പന്നികൾക്കും പട്ടികൾക്കുമുള്ള ലൈസൻസ് ഫീസ് സംബന്ധിച്ച്

പന്നികൾക്കും പട്ടികൾക്കുമുള്ള ലൈസൻസ് ഫീസ്, എ എഫ് എസ്- ൽ 10 എണ്ണത്തിന് 10/- രൂപ നിരക്കിൽ 100/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ നായ്ക്കളുടെ എണ്ണം 740 ആകുന്നു. അതിൽ 270 എണ്ണത്തിന് ലൈസൻസ് നല്കിയിട്ടുണ്ട്.

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നൽകാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 68 ന് മറുപടി ലഭ്യമല്ല. കൃത്യമായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (ഇ )വകുപ്പ പ്രകാരം, സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഈ നടപടിക്രമം പാലിച്ചിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഐ വകുപ്പ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഇതിൻപ്രകാരം ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ ഗ്രാമപ്പഞ്ചായത്തിലെ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം 38/ 18.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിലും നിന്ന് തൊഴിൽനികുതി പിരിച്ചെടുത്ത് ഗ്രാമപ്പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 112438/-രൂപ വെള്ളക്കരമായി KWAയ്ക്ക് നല്കിവരുന്നു. ആകെ 257 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കിവരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന്, ആരാഞ്ഞു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.29 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 1-15 KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

KWA നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക | ബിൽ നം, തീയതി | റിമാർക്ക്. |
|---|---|---|---|---|
| 1KWA | 100/20 മുടിമൂല പനച്ചവിള-അണ്ടൂർക്കോണം LPSപൈപ്പ് ലൈൻ നീട്ടൽ | 350000 | 21/12-11-19 | എഗ്രിമെന്റ് ഇല്ല. പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല. |
| 2.KWA | 107/20 കീഴെവീട്-താമരക്കുളം, പൈപ്പ് ലൈൻ നീട്ടൽ പൊതുടാപ്പ സ്ഥാപിക്കൽ | 100000 | 22/17-11-19 | എഗ്രിമെന്റ് ഇല്ല. വിനിയോഗസാക്ഷ്യ പത്ര പ്രകാരം 81691/- രൂപയാണ് ചെലവ്. ബാക്കി 18309/-രൂപ യുടെ വിനിയോഗ വിവരം ഇല്ല. |
| 3.KSEB | 92/20ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 49950 | 34/26-3-20 | എഗ്രിമെന്റ് ഇല്ല. പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല. |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ

നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 പെറ്റിവർക്കുകൾക്ക്അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം തുക നല്കേണ്ടതാണ്.

പെറ്റിവർക്കുകൾക്ക് അസി.എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം തുക നല്കേണ്ടതാണ്.

ഗവണ്മെന്റ് ലറ്റർ നം.39957/ഡി.ബി/09/തസ്വഭവ 8.8.09 പ്രകാരം, ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഘട്ടത്തിൽ 10000/- രൂപ വരെയുള്ള പെറ്റിവർക്കുകൾ അസി.എഞ്ചിനീയറുടെ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ നടത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 2019-20 വർഷം നടത്തിയ വിവിധ പെറ്റിവർക്കുകൾക്ക് ഓവർസീയറുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത് എന്നുകണ്ടു. ചില പ്രവൃത്തികൾക്ക് വാല്യുവേഷൻ റിപ്പോർട്ട് ഇല്ലാതെയും, മേല്പറഞ്ഞ 10000/- രൂ അധികരിച്ചും, തുക നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി-നം65).

| ക്രമ നം | ചെയ്തപ്രവൃത്തിയുടെ | തുക (രൂ) | ചെക്ക് നം, തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | തിരുവള്ളൂർ അംഗൻവാടിക്ക് സമീപം മാലിന്യം നീക്കം ചെയ്തത് | 5800 | 017401/29-4-19 | - |
| 2 | കണ്ടൽ വാർഡിൽ കായലിന് സമീപം മാലിന്യം നീക്കം ചെയ്തത് | 12500 | 017412/2-5-19 | വാല്യുവേഷൻ റിപ്പോർട്ട് ഇല്ല.<br>പരിധിയിൽ കൂടുതൽ തുക ചെലവിട്ടു |
| 3 | ആലുമൂട് മാർക്കറ്റ്മാലിന്യം നീക്കം ചെയ്തത് | 9500 | 018463/16-6-19 | - |
| 4 | പാച്ചിറ വാർഡ് കിണറിന് മൂടി | 8500 | 018466/17-6-19 | - |
| 5 | പാച്ചിറഅംഗൻവാടിക്ക് വാട്ടർ ടാങ്ക്,പൈപ്പ് കണക്ഷൻ | 8950 | 017418/2-5-19 | - |
| 6 | പഞ്ചായത്ത് ഓഫീസിൽ സ്റ്റോർ റൂമിന് ജനൽ | 24000 | 018481/28-6-19 | പരിധിയിൽ കൂടുതൽ തുക ചെലവിട്ടു |
| 7 | ആലുമൂട് മാർക്കറ്റ്കിണർ വൃത്തിയാക്കൽ | 4200 | 17463/24-5-19 | - |
| 8 | ആലുമൂട് മാർക്കറ്റ്കിണർമോട്ടോർ | 7902 | 017462/24-5-19 | - |
| 9 | മാർക്കറ്റ് ഓടവൃത്തിയാക്കൽ | 4500 | 018467/18-6-19 | - |

| | | | | |
|---|---|---|---|---|
| 10 | | 13969 | 016165, 016166/2-4-19 | വാല്യവേഷൻ റിപ്പോർട്ട് ഇല്ല |
| 11 | തിരുവള്ളൂർവാർഡിൽ വെള്ളക്കെട്ട് ഒഴിവാക്കിയത് | 9500 | 018403/29-4-19 | - |
| 12 | പഞ്ചായത്ത് കിണർ വൃത്തിയാക്കൽ | 5500 | 019379/12-7-19 | - |
| 13 | പഞ്ചായത്ത് ഓഫീസിൽ ഡ്രയിനേജ് വൃത്തിയാക്കൽ | 7500 | 018501/6-7-19 | - |
| 14 | വിവിധ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡ് | 18000 | 018502/6-7-19 | പരിധിയിൽ കൂടുതൽ തുക ചെലവിട്ടു |
| 15 | 18 വാർഡുകളിൽ MCF ന സമീപം മുന്നറിയിപ്പ് ബോർഡ് | 27000 | 018503 | പരിധിയിൽ കൂടുതൽ തുക ചെലവിട്ടു |

പെറ്റിവർക്കുകൾ അസി.എഞ്ചിനീയറുടെ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

## 1-17 കേരളോത്സവം-പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു - 30,566/- രൂപ തടസ്സംചെയ്യുന്നു.

സർക്കാർ ഉത്തരവു നം.GO(Rt)-1783/19/LSGD Dt.17-8-19 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കേരളോത്സവം നടത്തിപ്പിനായി ചെലവഴിക്കാവുന്ന പരമാവധി തുക 100000/- രൂപയാണ്. എന്നാൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 2019-20 വർഷം ആകെ വിവിധ വൗച്ചറുകൾ പ്രകാരം 130566/- രൂപ ചെലവഴിച്ചു. അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങാൻ 5-11-19 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചുവെങ്കിലും, (നം2-2) ആയതു നടപ്പിലായിട്ടില്ല. (ഓഡിറ്റ് എൻക്വയറി-നം54.) അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങുന്നതിനു വിധേയമായി, അധികം ചെലവഴിച്ച 30566/- രൂ തടസ്സംചെയ്യുന്നു.

## 1-18 മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗ വിവരം ലഭ്യമല്ല.

വിവിധ വൌച്ചറുകൾ പ്രകാരം മരം മുറിച്ചു മാറ്റുന്നതിന് താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ വിവരം ലഭ്യമല്ല. ഓവർസീയറുടെ വാല്യവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മരം മുറിച്ചു മാറ്റുന്നതിന് തുക നല്കിയിട്ടുള്ളത്. ക്രമ നം.1, 2 എന്നീ മരങ്ങളുടെ വാല്യവേഷൻ എടുക്കാൻ സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകാൻ നിർദ്ദേശിച്ച് സെക്രട്ടറി കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും ആയതു നടപ്പാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി-നം60).

| ക്രമ നം | ചെക്ക്, വൗച്ചർ നം | തുക(രൂ) | പ്രവൃത്തി |
|---|---|---|---|
| 1 | 2190064651646/24-9-19 | 5000 | പള്ളിപ്പുറം അംഗൻവാടിമുറ്റത്തെ പ്ലാവ്. |
| 2 | 0220806/6-12-19 | 6000 | LPS മുറ്റത്തെ 6 പോങ്ങുമരം |
| 3 | 022104/24-12-19 | 6000 | കണിയാപുരം വാർഡിൽ റോഡു സൈഡിൽ നിന്ന മരം. (ഇനം വ്യക്തമല്ല.) |

മുറിച്ചുമാറ്റിയ മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ജനന-മരണ-വിവാഹ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 2019-20 വർഷം The Registration Birth And Death Rules-1999, റൂൾ 12 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register (Form-7), Death Register (Form-7), എന്നിവയും, Registration Of Marriages (Common) Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയതു ഗുരുതരമായ വീഴ്ചയാണ്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. നിയമപരമായി അതീവപ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ചു വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി

പരിപാലിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-66).

## 1-20 ജനറൽ കമ്മിറ്റി തീരുമാനം-തുടർ നടപടികളുടെ വിശദാംശം തുടർ നടപടികളുടെ വിശദാംശം ലഭ്യമല്ല.

ജനറൽ കമ്മിറ്റിയുടെ പല പ്രധാനപ്പെട്ട തീരുമാനങ്ങളുടെയും തുടർ നടപടികളുടെ വിശദാംശം ലഭ്യമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

1.ജനറൽ കമ്മിറ്റിയുടെ 21-5-19 ലെ തീരുമാനം നം.11(2) പ്രകാരം, മലബാർ ഗ്രൂപ്പിന്റെ സ്ഥലത്ത് നടന്നുവരുന്ന നിർമ്മാണ പ്രവർത്തികൾക്ക് ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സെക്ഷൻ ക്ലാർക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടും, അതു സംബന്ധിച്ച ഫയലും, ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഒഡിറ്റ് എൻക്വയറി-നം.52 ന് മറുപടി കിട്ടിയില്ല.

2.അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് വക 8.4 സെന്റ് സ്ഥലം റോഡു വികസനത്തിനായി, ടെക്നോസിറ്റിക്ക് വിട്ടു നൽകാൻ 31-10-19 ലെ തീരുമാനം 3-1 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചു. ആയതു നടപ്പിലായതിന്റെ വിശദാംശവും, അതു സംബന്ധിച്ച ഫയലും, ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഒഡിറ്റ് എൻക്വയറി-നം.51 ന് മറുപടി കിട്ടിയില്ല.

3.അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് വക, പള്ളിപ്പുറം വില്ലേജ് പരിധിയിൽ ഉള്ള ഭൂമി മോഡൽ പബ്ളിക് സ്കൂൾ കൈയ്യേറിയതായി ജനറൽ കമ്മിറ്റിയുടെ 5-11-19 ലെ തീരുമാനം നം 20 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി സ്ഥലം തിരികെ പിടിച്ച് ലൈഫ് പദ്ധതിക്ക് കൈമാറാനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും, അതു സംബന്ധിച്ച ഫയലും, ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഒഡിറ്റ് എൻക്വയറി-നം.50ന് മറുപടി കിട്ടിയില്ല.

4.അണ്ടൂർക്കോണംഗ്രാമപഞ്ചായത്ത് വക തോട്ടുംമുഖം അംഗൻവാടിയോട് ചേർന്നുള്ള 15 സെന്റ് ഭൂമി, KSEB യ്ക്ക് കൈമാറാൻ 16-2-19 ലെ തീരുമാനം 3-11 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചു. ആയതു നടപ്പിലായതിന്റെ വിശദാംശവും, അതു സംബന്ധിച്ച ഫയലും, ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഒഡിറ്റ് എൻക്വയറി-നം.48ന് മറുപടി കിട്ടിയില്ല

5.2017-18 ൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടാൻ KWAക്ക് 392115/- രൂപ അടച്ചു. ഇതിൽ ചെലവഴിക്കപ്പെട്ട 345442/- രൂപ കഴിച്ച്, ബാക്കിവന്ന 46673/- രൂപയിൽ 5200/- രൂ, 2018-19 മറ്റൊരു പദ്ധതിയുടെ GST അടയ്ക്കാൻ ഉപയോഗിച്ചതായും, ജനറൽ കമ്മിറ്റിയുടെ 21-5-19 ലെ തീരുമാനം നം2-28ൽ രേഖപ്പെടുത്തിയിരിക്കുന്നു. ബാക്കി തുക, 41473/- രൂപ ഉപയോഗിച്ച് തൻവർഷം വിവിധ കോളണികളിൽ ടാപ്പുകൾ സ്ഥാപിക്കാൻ KWAയോട് അഭ്യർത്ഥിച്ച് ജനറൽ കമ്മിറ്റി തീരുമാനിച്ചു. ആയതു നടപ്പിലായതിന്റെ വിശദാംശവും, ടി തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രവും, ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി-നം.55ന് മറുപടി കിട്ടിയില്ല.

6.അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അനർഹർ കടന്നു കൂടിയിട്ടുള്ളതിനാൽ ആയതു പരിശോധിക്കാനും, തുടർനടപടി സ്വീകരിക്കാനും, 21-11-19 ലെ തീരുമാനം 1-1 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചു. എന്നാൽ ടി തീരുമാനം നാളിതുവരെ നടപ്പിലായിട്ടില്ല. കോവിഡ് വ്യാപനം കാരണമാണ് ആയതു നടപ്പിലാക്കാത്തത് എന്ന് ഓഡിറ്റ് എൻക്വയറി-നം.47ന് മറുപടി നൽകിയിരിക്കുന്നു.
കമ്മിറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

## 1-21 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്-അപാകങ്ങൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

പദ്ധതിയുടെ പേര്-കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്

പദ്ധതി നം-87(SCP)

ചെലവു തുക-200000ബിൽ നം-3/19-20

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.ഹരിശ്രീ, സ്നേഹിത എന്നീ ഗ്രൂപ്പുകളുടെ രേഖകളാണ് ഫയലിൽ ഉള്ളത്. അതിൽ ഹരിശ്രീ ഗ്രൂപ്പ്നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഒപ്പുവച്ച ഉടമ്പടി മാത്രമെ ഫയലിൽ ഉള്ളു. ടി കരാറിൽ തന്നെ അനുവദിച്ച തുക, ആയതു കൈമാറിയ അക്കൌണ്ട് നം,ഇവ ചേർത്തിട്ടില്ല.

2.ഗ്രൂപ്പുകൾക്ക് തുക കൈമാറിയതിന്റെ വിശദാംശം, അവയുടെ കൈപ്പറ്റ് രസീത് ഇവ ലഭ്യമല്ല.

3.സർക്കാർ ഉത്തരവു നം.GO(MS)-22/18/LSGD Dt.14-2-18 നം മാർഗ്ഗരേഖ പ്രകാരം, വായ്പാ ബന്ധിത പ്രോജക്ടിന്റെ ബാക്ക് എൻഡ് സബ്സിഡിയായി പഞ്ചായത്ത് വീഹിതം ബാങ്കിൽ അടയ്ക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ മേല്പറഞ്ഞ ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ അനുവദിച്ച രേഖകൾ ഒന്നും ലഭ്യമല്ല.

4.സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-8-3 പ്രകാരം, വ്യക്തമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിന്റെ

അടിസ്ഥാനത്തിലാണ് തുക നല്കേണ്ടത്. ഇവിടെ ഹരിശ്രീ ഗ്രൂപ്പ് പലചരക്ക് കച്ചവടവും, സ്നേഹിത ഗ്രൂപ്പ് തുണികച്ചവടവും നടത്തുന്നു എന്ന് വെള്ള പേപ്പറിൽ എഴുതി നല്കുക മാത്രമെ ചെയ്തിട്ടുള്ളു.

5.സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 21-2 പ്രകാരം റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കാനായി അക്കൗണ്ട് ഉണ്ടെങ്കിലും, (No-3708062021-CBI), ഹരിശ്രീ ഗ്രൂപ്പ് പ്രതിമാസം 2400/- രൂപ നിരക്കിൽ 14/12/20 മുതൽ 10/9/21 വരെ 24000 അടച്ചുവെങ്കിലും, സ്നേഹിത ഗ്രൂപ്പ് 4/10/21 ന് അടച്ച 2400/- രൂപയാണ് ആകെ തിരിച്ചടവ്.

ടി ഗ്രൂപ്പുകളുടെ സംരഭങ്ങളുടെ തുടർ പ്രവർത്തനം മോണിട്ടർ ചെയ്തിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദികരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.32 ന് മറുപടി കിട്ടിയില്ല. പ്രസ്തുത തൊഴിൽ സംരംഭകരുടെ സംരംഭം സംബന്ധിച്ച വിശദാംശങ്ങൾ, തുക കൈമാറിയതിന്റെ വിശദാംശങ്ങൾ, അക്കൗണ്ട് ഡീറ്റെയ്ൽസ്, സംരംഭം ഉദ്ദേശ്യലക്ഷ്യം നേടിയിട്ടുണ്ടോ എന്ന മോണിറ്ററിംഗ് റിപ്പോർട്ട്, റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് എന്നീ വിവരങ്ങൾ എല്ലാം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 തെറ്റിയാർ ശുചീകരണം -വാഹന വാടക നൽകിയതിൽ സുതാര്യതയില്ല.

20/12/19 ൽ നടന്ന തെറ്റിയാർ ശുചീകരണം എന്ന പരിപാടിക്ക് വിവിധ വാർഡുകളിൽ നിന്ന് സന്നദ്ധ പ്രവർത്തകരെ കൊണ്ടു പോയ 10 വാഹനങ്ങളുടെ വാടകയായി വൌച്ചർ നം.21900943/30-12-19 പ്രകാരം, 32000/-രൂപ, ശ്രീ.അലിക്കുഞ്ഞ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ടി ചെലവിന് ക്വട്ടേഷൻ നടപടി സ്വീകരിച്ചോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.35) മറുപടി കിട്ടിയില്ല. വാഹനങ്ങളുടെ നമ്പരും ട്രിപ്പുകളുടെ എണ്ണവും, വൗച്ചറിനോടൊപ്പം ഉണ്ടെങ്കിലും, കേരള മോട്ടോർ വാഹന ചട്ടങ്ങൾ, ചട്ടം-254 പ്രകാരമുള്ള ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഓരോന്നും എത്ര സീറ്റുകളുള്ള വാഹനമാണെന്നോ, ഓരോ വാഹനവും എത്ര കിലോമീറ്റർ ഓടി എന്നോ വ്യക്തമല്ല. ട്രിപ്പ് ഷീറ്റ് അടക്കമുള്ള എല്ലാ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

## 1-23 പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പാഥേയം പദ്ധതി (ജനറൽ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ബിൽ നം-1/30-9-19 പ്രകാരം 172800/- രൂപയും, പാഥേയം പദ്ധതി(SCP )എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ബിൽ നം-2/30-9-19 പ്രകാരം 443520/- രൂപയും, ജില്ലാപഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ടി തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി-നം.31 ന് മറുപടി കിട്ടി. വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-24 മുട്ടക്കോഴി വിതരണം - രേഖകൾ ഹാജരാക്കിയില്ല. 3,32,400/- രൂപ തടസ്സം ചെയ്യുന്നു.

I)

| | |
|---|---|
| പ്രോജക്ട് നം | SO021/20 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം വനിത |
| നിർവഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 500400(വി.ഫ-250200/- ഗ്ര.വി-250200/-) |
| ചെലവ് | 276000/- |
| ബിൽ നം/ചെക്ക് നം | 110700/-(04/01.01.2020)<br>165300/-(ചെക്ക് വിവരം ലഭ്യമാക്കിയില്ല) |

II)

| | |
|---|---|
| പ്രോജക്ട് നം | SO022/20 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം - എസ്.സി.പി |
| നിർവഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 400200(വി.ഫ-300150/- ഗ്ര.വി -100050/-) |

| | |
|---|---|
| ചെലവ് | 56400/- |
| ബിൽ നം/ചെക്ക് നം | 26550/-(05/18.01.2020)<br>15750/-(06/26.02.2020)<br>14100/- (ചെക്ക് വിവരം ലഭ്യമാക്കിയില്ല) |

മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ ട്രഷറി ബില്ല്, മുട്ടക്കോഴികളെ വാങ്ങിയതിന്റെ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.61/18.10.2021 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 332400/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസിൽ തീയതിയും അംഗീകരിച്ച കരാർ തുകയും രേഖപ്പെടുത്തുന്നില്ല

കേരള പൊതുമരാമത്ത് മാന്വൽ ജി .ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി.01/02/2012 സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 14 ദിവസത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറുടമ്പടി വക്കേണ്ടതാണ്. എന്നാൽ 2019-20 ൽ നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച ശേഷം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുന്നുണ്ടെങ്കിലും ഈ നോട്ടീസുകളിൽ തീയതിയും അംഗീകരിച്ച കരാർ തുകയും രേഖപ്പെടുത്തുന്നില്ല.

ആയതിനാൽ സെലക്ഷൻ നോട്ടീസ് അയച്ച ശേഷം യഥാസമയം കരാർ ഒപ്പ് വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധ്യമല്ല. തീയതിയും അംഗീകരിച്ച കരാർ തുകയും രേഖപ്പെടുത്താതെ സെലക്ഷൻ നോട്ടീസ് അയക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (43/13.10.21) നിലവിൽ ഓഫീസിൽ ഉണ്ടായിരുന്ന ഫോർമാറ്റിൽ ആണ് നൽകിയത് എന്നും മാന്വലിൽ നിർദ്ദേശിച്ച കാര്യങ്ങൾ ഭാവിയിൽ സെലക്ഷൻ നോട്ടീസിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കാൻ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സ്രോതസ്സിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്തത് സംബന്ധിച്ച അപാകതകൾ

സ്രോതസ്സിൽ നിന്ന് ജി .എസ്.ടി കുറവ് ചെയ്തത് നിയമപ്രകാരമല്ല.

2017 സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ആക്ടിലെ 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.9.18 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.18 ലെ സർക്കുലർ നമ്പർ 65/39/2018 DOR എന്നിവ പ്രകാരം കരാർ തുകകൾ 2,50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്.

എന്നാൽ 2019-20 വർഷത്തിൽ നടത്തിയ എല്ലാ പ്രവൃത്തികളുടെയും ബില്ലിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്ത് അടച്ചിട്ടുണ്ട്. ഇത്തരത്തിൽ കരാർ തുകകൾ 2,50,000/- രൂപയിൽ കുറവായിട്ടും ബില്ലിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/13.10.21) ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് ഇത് സംഭവിച്ചത് എന്നാണ് അറിയിച്ചത്. ഭാവിയിൽ നിയമപ്രകാരം മാത്രം ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ജി.എസ്.ടി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷനും ടാക്സ് ഇൻവോയിസും വാങ്ങുന്നില്ല.

ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന്(42/13.10.21, 45/13.10.21) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ കരാറുകാരിൽ നിന്നും ഡിക്ലറേഷൻ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നാണ് അറിയിച്ചത്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 സ്കൂളുകളുടെയുംഅംഗനവാടികളുടെയു മരാമത്തുപണികൾ-പദ്ധതി രൂപീകരണ വേളയിൽ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം കെ.പി.ഡബ്ള്യു.ഡി.മാനുവൽ ഖണ്ഡിക 1601.1.2 ലും സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ./ത.സ്വ.ഭ.വ. തീയതി 21.06.2018 ൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥലപരിശോധന നടത്തി അതിനനുസൃതമായ പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

താഴെപറയുന്ന സ്കൂളുകളുടെയും അംഗനവാടികളുടെയും അറ്റ കുറ്റപ്പണികൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്ന വേളയിൽ PTA, ഹെഡ്മിസ്ട്രസ് എന്നിവരുടെ നിർദ്ദേശ പ്രകാരം, പുതിയ ഇനങ്ങൾ കൂട്ടിച്ചേർത്ത് അവ ചെയ്ത ശേഷം, പദ്ധതികൾ റിവൈസ് ചെയ്തിട്ടുണ്ട്.

1. പള്ളിപ്പുറം സ്കൂൾ മെയിന്റനൻസ്.

2. ആലുമ്മൂട് LPS അടുക്കള

3. തിരുവള്ളൂർ LPS ടോയ്ലറ്റ് ബ്ളോക്ക്

4. ആലുമ്മൂട് LPS കംപ്യൂട്ടർ റൂം

5. പള്ളിപ്പുറം സ്കൂൾ മെയിന്റനൻസ്

6. കണിയാപുരം UPS ടോയ്ലറ്റ്

7. അണ്ടൂർക്കോണം LPS മെയിന്റനൻസ്

8. കരിച്ചാട് LPS മെയിന്റനൻസ്

9. കണ്ടൽ അംഗൻവാടി ഗ്രിൽ&സ്ലാബ്

PTA, ഹെഡ്മിസ്ട്രസ് എന്നിവരുടെ എന്നിവരുടെ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ അന്തിമ പദ്ധതി രൂപീകരണ വേളയിൽ ടി നിർദ്ദേശങ്ങൾ വികസന കാര്യ വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിഗണിച്ചിട്ടില്ല. ഈ വിധം സ്ഥല പരിശോധന നടത്താതെയും, ഗുണഭോക്താക്കളുമായി ചർച്ച നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലം നിർവ്വഹണ ഘട്ടത്തിൽ പല പദ്ധതികളിലും കാതലായ മാറ്റങ്ങൾ വരുത്തി, എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടിവന്നതായി കാണുന്നു.

പദ്ധതി രൂപീകരണ വേളയിൽ സ.ഉ.(കൈ)നം.11/2018/തസ്വഭവ,തീ. 29-1-18 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശം പാലിക്കാത്തതു കൊണ്ടാണ് ഈ വിധം അപാകം ഉണ്ടാകുന്നത്. ഭാവിയിൽ ഈ സമീപനത്തിൽ മാറ്റം വരുത്തേണ്ടതാണ്. കൂടാതെ പ്രവൃത്തി നടപ്പാക്കുന്ന ഘട്ടത്തിൽ വരുത്തുന്ന ഭേദഗതി, സമയ നഷ്ടത്തിനും, പദ്ധതി വൈകാനും ഇടയാക്കും എന്നതിനാൽ പദ്ധതി രൂപീകരണ വേളയിൽ തന്നെ കൃത്യമായ സ്ഥലപരിശോധന നടത്താനും ഗുണഭോക്താക്കളുമായി ആശയവിനിമയം നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ലൂഡി/ തീയതി 01.02.2012, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കാൻ താമസിച്ച ചുവടെ കാണിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. 25 ശതമാനം അധിക കാലാവധി നൽകിയിട്ടും പൂർത്തിയാക്കാൻ കാലതാമസം വന്ന പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു.

| പ്രാജക്റ്റ് നം | കരാർ ഒപ്പ് വച്ചത് | കാലതാമസം | എം ബുക്ക് | കരാർ തുക | പിഴ ഈടാക്കിയത് | പിഴ ഈടാക്കാൻ ബാക്കി |
|---|---|---|---|---|---|---|
| 130/20 | 4.7.18 | 9മാസം 5 ദിവസം | 89/19-20 | 233536 | 6971 | 4647 |
| 117/20 | 18.6.18 | 5 മാസം 17 ദിവസം | 32/18-19 | 280533 | - | 8416 |
| 128/20 | 7.11.17 | 15 മാസം | 217/17-18 | 758621 | 5358 | 68276 |

മേൽ പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/13.10.21.) ലഭ്യമാക്കിയ മറുപടിയിൽ മേൽ കുറവ് വന്ന തുക കരാറുകാരിൽ നിന്ന് ഈടാക്കാൻ

കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിഴ ഈടാക്കി അതാത് ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം-അപാകങ്ങൾ.

കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു

1.കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികൾക്ക് ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

2.കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

3.പ്രോജക്ട് നം-76,ഹരിതഭവനം പദ്ധതി സ്പിൽ ഓവറായിട്ടാണ നടപ്പിലാക്കിയത്. അംഗീകൃത പദ്ധതി പ്രകാരം, 30 സെന്റ് ഭൂമിയാണ് ഗുണഭോക്താക്കൾക്ക് വേണ്ടത്. ഫയലിനോടൊപ്പമുള്ള പ്രോജക്ടിൽ അത 10 സെന്റാക്കി വെട്ടിത്തിരുത്തിയെഴുതിയിട്ടുണ്ട്. അതനുസരിച്ച് പദ്ധതി റിവൈസു ചെയ്തോ എന്ന് വ്യക്തമല്ല.

4.പ്രോജക്ട് നം-115, 122 എന്നിവ പ്രകാരം, ജനറൽ, പട്ടിക വിഭാഗങ്ങൾക്കായി, കിണർ റീചാർജ്ജിംങിനായി യഥാക്രമം,90000/- രൂ , 48000/- രൂ. എന്നിങ്ങനെ തുക ചെലവഴിച്ചു. ഓവർസീയറുടെ വാലുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത് എന്നുകണ്ടു. എന്നാൽ കിണർ റീചാർജ്ജിംങിനായി എന്തൊക്കെ ഇനം പ്രവൃത്തിയാണ് ചെയ്തത് എന്ന വിശദാംശം ടി സർട്ടിഫിക്കറ്റുകളിൽ ഇല്ല. മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഒഡിറ്റ് എൻക്വയറി-നം.75 ന് മറുപടി കിട്ടിയില്ല. അപാകങ്ങളുടെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചുവടെച്ചേർക്കുന്ന അപര്യാപതതകളുണ്ട്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 5 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 7 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 30 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 2 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 10 |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 4 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 27 |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 27 |

| | | |
|---|---|---|
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 30 |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 30 |
| 17 | ഫയൽ റാക്ക് ഇല്ലാത്തവ | 30 |
| 18 | ബെൽ ഇല്ലാത്തവ | 4 |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 20 |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 30 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ അണ്ടൂർക്കോണം പഞ്ചായത്തിൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 6/ 07.10.2021 ന ലഭ്യമാക്കിയ മറുപടിയിൽ കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കാനും കൃത്യമായി യോഗം ചേർന്ന് അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി.എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും 2019 – 20 വർഷം മാസത്തിലൊരിക്കൽ ഒരു അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയും എന്ന കണക്കിൽ യോഗം ചേർന്നിട്ടില്ല. അങ്കണവാടികളുടെ വീഴ്ചകൾ പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതുള്ളതിനാൽ ഇവയുടെ യോഗം കൃത്യമായി നടത്താൻ ആവശ്യമായ നടപടികൾ ഐ സി ഡി എസ് സൂപ്പർവൈസർ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ മേൽനോട്ടം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിക്കാർക്ക് സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷൻ തെറാപ്പി പദ്ധതി നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 84/20 ആയി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്ന് 100000/- രൂപ അടങ്കൽ നിശ്ചയിച്ച് ആസൂത്രണം ചെയ്ത ഭിന്നശേഷിക്കാർക്ക് സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷൻ തെറാപ്പി പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 7 / 07.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ യോഗ്യതയുള്ള തെറാപ്പിസ്റ്റുകളുടെ അഭാവമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നിർവ്വഹണം നടത്താൻ പറ്റുമെന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണം നടത്താൻ പറ്റാത്ത അവസ്ഥ ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടാൽ പകരം പദ്ധതി ആസൂത്രണം ചെയ്യാനോ കൂടുതൽ പണം ആവശ്യമായ പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്താനോ ശ്രമിക്കേണ്ടതാണ്. ഉദാഹരണമായി സ്നേഹസ്പർശം സ്കോളർഷിപ്പ് പദ്ധതിക്ക് വകയിരുത്തൽ കുറവായതിനാൽ ഇരുപത് കുട്ടികൾക്ക് 5575/- രൂപ വീതം മാത്രമേ കൊടുക്കാൻ കഴിഞ്ഞുള്ളൂ. നടപ്പാക്കാതെ പോയ പദ്ധതിയിലെ തുക സ്കോളർഷിപ്പിനായി മാറ്റിവച്ചിരുന്നെങ്കിൽ അത് ജനത്തിന് കൂടുതൽ ഉപകാരപ്രദമായേനെ. പദ്ധതികൾ നടപ്പാക്കാതെ പദ്ധതിപ്പണം പാഴാകുന്നതും ജനത്തിനാവശ്യമായ ആനുകൂല്യം ലഭ്യമാക്കാൻ വൈകുന്നതും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-32 പാലിയേറ്റീവ് കെയർ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

07.03.2019 ലെ സർക്കാർ ഉത്തരവ് (സാ ധാ) നം 553/2019 പ്രകാരമാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. പദ്ധതിയുടെ 2019 – 20 ലെ പ്രവർത്തനങ്ങളിലെ കുറവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് പരിചരണം ആവശ്യമായി വരുന്നവർക്ക് സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനായി പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘം ഓരോ വാർഡിലും രൂപവത്ക്കരിക്കേണ്ടതാണ്. (ഖ.2.2.3). എന്നാൽ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘത്തെ രൂപവത്ക്കരിച്ചിട്ടില്ല.

2. ആയുർവേദ/ ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന / അവലംബിക്കേണ്ട കിടപ്പിലായ രോഗികളുണ്ടെങ്കിൽ അത്തരം രോഗികളെ സന്ദർശിക്കാനായി മാസത്തിൽ ഒന്നോ രണ്ടോ ദിനങ്ങൾ നിശ്ചയിക്കാവുന്നതും അങ്ങനെ സന്ദർശനം നടത്തുന്ന ടീമിൽ സർക്കാർ ആയുർവേദ/ ഹോമിയോപ്പതി ആശുപത്രിയിലെ ഡോക്ടർ ഉണ്ടായിരിക്കേണ്ടതുമാണ്. (ഖ 2.4.1.(2)). ഇത്തരത്തിൽ ആയുർവേദ/ ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന / അവലംബിക്കേണ്ട കിടപ്പിലായ രോഗികൾക്ക് പ്രസ്തുത വിഭാഗത്തിലെ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടില്ല.

3. വാർഡ്, സബ് സെന്റർ തലത്തിൽ ലഭിക്കുന്ന സഹായങ്ങൾക്കൊപ്പം ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, പെൻഷൻ, ധനസഹായം തുടങ്ങിയവയ്ക്കായി സർക്കാർ, സർക്കാരിതര ഏജൻസികളുടെ സഹായങ്ങൾ പരമാവധി രോഗികളിലെത്തിക്കാനുള്ള ഊർജ്ജിതശ്രമം നടത്തേണ്ടതാണ്. തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ നടപ്പാക്കി കഴിയുന്നത്ര രോഗികളെ സ്വയംപര്യാപ്തരാക്കാൻ ശ്രമിക്കണം (ഖ 2.4.4). ഇത്തരം പ്രവർത്തനങ്ങൾ എല്ലാം നിലവിൽ നിർവ്വഹിക്കപ്പെടുന്നില്ല.

4. ഹോം കെയർ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ത്രിദിന പ്രായോഗിക പരിശീലനം നൽകണം. 20 – 30 ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്താവുന്ന ഈ പരിപാടിയിൽ വർഷം 100 പേർക്ക് പരിശീലനം നൽകാൻ ശ്രമിക്കേണ്ടതാണ്. ഇത്തരം പരിശീലന പരിപാടിയിൽ ഓരോരുത്തർക്കും പ്രതിദിനം 100/- രൂപ വീതം ചെലവാക്കാവുന്നതാണ്. (ഖ 2.4.5.(1)). ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം 1/ 07.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കൊവിഡായതിനാലാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ കഴിയാത്തതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ കോവിഡ് സംബന്ധിച്ച പ്രശ്നങ്ങൾ മാർച്ച് മാസത്തിൽ മാത്രമാണ് ആരംഭിച്ചത്. അതിനാൽ ലഭ്യമാക്കിയ മറുപടി നിലനിൽക്കുന്നതല്ല.

5. പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണസ്ഥാപനം/സബ് സെന്റർ/ വാർഡധിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്, ഇത്തരം പരിപാടികൾ പത്തുമുതൽ മുപ്പതു വരെ രോഗികളെ പങ്കെടുപ്പിച്ച് നടത്തുന്നതാണ് അഭികാമ്യം. (ഖ 2.4.6). ഡിറ്റ് എൻക്വയറി നം 1/ 07.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കൊവിഡായതിനാലാണ് ഇത് സംഘടിപ്പിക്കാൻ കഴിയാത്തതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ കോവിഡ് സംബന്ധിച്ച പ്രശ്നങ്ങൾ മാർച്ച് മാസത്തിൽ മാത്രമാണ് ആരംഭിച്ചതെന്നതിനാൽ ഈ മറുപടി നിലനിൽക്കുന്നതല്ല.

6. മാനസിക വൈകല്യമുള്ളവർക്ക് പകൽവീട്, മുതിർന്ന പൗരന്മാർക്ക് ഡേ കെയർ സംവിധാനം, പാരാപ്ലീജിയ രോഗികൾക്ക് തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. (ഖ 2.4.8). എന്നാൽ പഞ്ചായത്തിൽ മാനസിക വൈകല്യമുള്ളവർക്ക് പകൽവീട് സംവിധാനം നിലവിലില്ല. തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

7. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാരിതര സംഘടനകൾ, വ്യക്തികൾ തുടങ്ങി പൊതുസമൂഹത്തിൽ നിന്നുള്ള സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. (ഖ. 2.5). ഈ രീതിയിൽ സംഭാവന സ്വീകരിക്കാനെടുത്ത നടപടികൾ സ്വീകരിച്ചിട്ടില്ല.

8. പി എം സി യോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിക്കാവുന്നതാണ്. (ഖ. 2.9.2). ഇത്തരം വിദഗ്ധരെ പങ്കെടുപ്പിക്കാൻ സ്വീകരിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല.

9. തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശ ഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതാണ്. (2.11). ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

10. പണമായോ സാധനസാമഗ്രികളായോ ലഭിക്കുന്ന വിഭവസമാഹരണ വിവരങ്ങൾ സൂക്ഷിക്കുന്നതിനായി ഒരു കാഷ് ആന്റ് അസറ്റ് ഡോണേഷൻ രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാണ്. (ഖ 2.12.3). ഇങ്ങനെ വിഭവസമാഹരണം നടത്തിയിട്ടില്ല.

മേൽ സൂചിതമായ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാനും അതുവഴി സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനത്തിന് ആവശ്യമായ സേവനം ലഭ്യമാക്കാനും ആവശ്യമായ നടപടികൾ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിർവ്വഹിക്കേണ്ടതാണ്.

## 1-33 രേഖകൾ ഹാജരാക്കിയില്ല- 3704156/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

വി ഇ ഒ 2ചുവടെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരം, DPC അംഗീകരിച്ച പദ്ധതി രൂപീകരണ ഫോറം, പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ, ആനുകാല്യം ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ, ബില്ലുകൾ, കൈപ്പറ്റ് വിശദാംശം, എസ്റ്റിമേറ്റുകൾ വാല്യുവേഷൻ തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 4/2019 | ലൈഫ് പുനരുദ്ധാരണം എസ് സി പി | 4800000 | 2376156 |
| 2 | S120/2019 | ഭവനപുനരുദ്ധാരണം എസ് സി പി | 300000 | 200000 |
| 3 | 153/2019 | ലൈഫ് ഭവനപദ്ധതി എസ് സി പി 2019 -20 | 6929600 | 900000 |
| 4 | S160/2019 | ലൈഫ് ഭവനപദ്ധതി എസ് സി വിഭാഗം ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണം | 192000 | 156000 |
| 5 | 166/2019 | ഗാർഹിക ടോയ് ലറ്റ് നിർമ്മാണം | 60000 | 48000 |
| 6 | 168/2019 | ലൈഫ് ഭവനപദ്ധതി എസ് സി വിഭാഗം ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണം | 144000 | 24000 |

20.10.2021 ന് കൊടുത്ത ഓഡിറ്റ് എൻക്വയറി നം 62 ന് ഇപ്പോൾ നേമം ബ്ളോക്ക് പഞ്ചായത്തിലാണ് ജോലി ചെയ്യുന്നതെന്നും അതിനാൽ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാൻ ഒരു മാസത്തെ സാവകാശം അനുവദിക്കണമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 17.12.2021-ന് ഓഫീസിൽ ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല. രേഖകൾ ഹാജരാക്കും വരെ ആകെ ചെലവാക്കിയ 3704156/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ വി ഇ ഒ സ്വീകരിക്കേണ്ടതാണ്.

## 1-34 ശുചിത്വ മിഷനിൽ നിന്നു കിട്ടാനുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം. 138 പ്രകാരം കല്ലുപാലം അംഗൻവാടിക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി, സ്വച്ഛ് ഭാരത മിഷനിൽ നിന്ന് ശുചിത്വ മിഷൻ മുഖാന്തിരം കിട്ടുന്ന ഫണ്ട് 50000/- രൂപയും, തനതു ഫണ്ട് 5000/- രൂപയും ചേർത്താണ് അടങ്കൽ തുക (ആകെ 55000) വകയിരുത്തിയത്. എന്നാൽ ശുചിത്വ മിഷനിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കാത്തതിനാൽ തത്കാലം തനതു ഫണ്ടിൽ നിന്ന് മുഴുവൻ തുകയും നൽകാൻ 11-2-20 ലെ തീരുമാനം 2-2 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.72).

## 1-35 വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളിലെ അപാകങ്ങൾ

വികസന ഫണ്ട് (എസ് സി പി) യിൽ നിന്നും 400000/- രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് നമ്പർ 83/20 ആയി ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കൽ എന്ന പദ്ധതി നടപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 4/07.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി എല്ലാ വർഷവും നടപ്പാക്കുന്നതിനാൽ അർഹരായവർക്കെല്ലാം ആനുകൂല്യം നേരത്തേ ലഭ്യമായിരുന്നുവെന്നും വേണ്ടത്ര ഗുണഭോക്താക്കളില്ലാത്തതിനാലാണ് പദ്ധതി നടപ്പാക്കാത്തത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് ഉതകുന്നതും പ്രായോഗികവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് പദ്ധതിപ്പണം പാഴാക്കാതെ കൃത്യമായി നടപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ശ്രദ്ധിക്കേണ്ടതാണ്.

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ എച്ച്. എം. പരിപാലിക്കുന്ന കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ അല്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 4/07.10.2021 ന് ഇവയെക്കുറിച്ചുള്ള അറിവില്ലായ്മ കാരണമാണ് ഇങ്ങനെ സംഭവിച്ചതെന്നും മേലിൽ ഇവ പാലിക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വീഴ്ചകൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ മോണിറ്ററിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 212500 | *കേദാരം | 212500 | 0 |
| | | 0 | 115763 | ക്ഷീരസമൃദ്ധി | 115763 | 0 |
| | | 0 | 391875 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 391872 | 3 |
| | | 0 | 255000 | **ജലശ്രീ കിണർ റീ ചാർജ്ജ് | 255000 | 0 |
| | | 0 | 1162510 | ലൈഫ് | 0 | 1162510 |
| | | - | 0 | ***കണിയാപുരം യു.പി.എസ് മെയിന്റനൻസ് | 598364 | 0 |
| | | 1267689 | - | തിരിക ഒടുക്കിയത് | 153000 | 1114689 |
| ആകെ | | 1267689 | 2137648 | | 1726499 | 2277202 |
| ജില്ലാ | 2019-20 | 0 | 255000 | കേദാരം | 255000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | 0 | 97200 | ജലശ്രീ കിണർ റീ ചാർജ്ജ് | 54000 | 43200 |
| | | 0 | 391875 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 391875 | 0 |
| | | 0 | 22989 | ക്ഷീരസമൃദ്ധി | 22989 | 0 |
| | | 200130 | 0 | ലൈഫ് എസ്.സി.പി | 160000 | 14630 |
| | | | - | തിരിക ഒടുക്കിയത് | 25500 | |
| ആകെ | | 200130 | 767064 | | 723864 | 57830 |

*സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 467500/-.

**സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

*** 2020-21 വർഷത്തെ ചെലവ് 2019-20 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തി.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 790500 | 100/20 മുടിമൂല പണച്ചവിള അണ്ടൂർം എൽ.പി.എസ് റോഡ് പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പ് സ്ഥാപിക്കൽ | 350000 | - | 350000 | - | 1240500 |
| | | 107/20 താഴെ വാർഡ് താമരക്കുളം പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും | 100000 | - | 100000 | - | |
| കെ.എസ്.ഇ.ബി | 888248 | 92/20 വിവിധ വാർഡുകളിൽ | 49560 | - | 49560 | - | 937808 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വൈദ്യുതി ദീർഘിപ്പിക്കൽ | | | | | |

*വാർഷിക ധനകാര്യ പത്രിക പ്രകാരം Advance To Other Authorized Agencies എന്ന് സൂചിപ്പിച്ചിട്ടുള്ളത് ശുചിത്വ മിഷൻ(ഒ.ഡി.എഫ്) പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | ലഭ്യമാക്കിയില്ല | *79860 | - | - | *79860 |
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019 | **21210751 | 8760000 | 2097059 | 27873692 |

*തിരിച്ചടവ് തുക അധികമായി ഒടുക്കിയിട്ടുണ്ട്. (2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്)

**ലോൺ രജിസ്റ്ററും തിരിച്ചടവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട്/വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീ |
|---|---|---|---|---|---|
| 1 | 2017-18 | 3-9 | 8840/- | (പേര് ലഭ്യമാക്കിയില്ല) എ.ഇ എൽ എസ്.ജി.ഡി | 119070102621, 26.07.2019 |
| 2 | വിവരം ലഭ്യമാക്കിയില്ല | | 19305 | (പേര് ലഭ്യമാക്കിയില്ല) എ.ഇ എൽ എസ്.ജി.ഡി | 119070102709 30.07.2019 |
| 3 | | | 20690 | (പേര് ലഭ്യമാക്കിയില്ല) എ.ഇ എൽ എസ്.ജി.ഡി | 119070102710, 30.07.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 8,34,31,664 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,16,83,984 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,67,122 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 3,32,400 | പി.ഒ ശോശാമ്മ, വെറ്റിനറി സർജൻപി.ഒ ശോശാമ്മ, |
| 1-33 | 37,04,156 | അഭിലാഷ്.എം.എ, VEO |
| 1-17 | 30,566 | അശോക്.സി, സെക്രട്ടറി |
| ആകെ | 40,67,122 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ഒ ശോശാമ്മ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | സിംഫണി അപ്പാർട്ട് മെന്റ്, റ്റി.സി 15/35, കുമാരപുരം |
| VEO,അഭിലാഷ്.എം.എ. | | അഭിലാഷ്.എം.എ., തിരുവോണം, ബാലരാമപുരം പി.ഒ. |
| സെക്രട്ടറി,അശോക് .സി. | | അശോക് .സി, ദ്വാരക, കുടുമ്പന്നൂർ, നേമം പി.ഒ, പ്രാവച്ചമ്പലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18 തീയതി 14.06.2018 | 6 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18 തീയതി 14.06.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18 തീയതി 14.06.2018 | 2 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1098/15 തീയതി 01.09.2015 | 12 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1288/16 തീയതി 28.07.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1891/2016 തീയതി 05.11.2016 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 690/2017 തീയതി 09.08.2017 | 12 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 2194/19 തീയതി 07.12.2019 | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/ 222/2020 തീയതി.20.10.2020 | 54 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്